G.O.(Rt)No.883/2023/LSGD

OFFICE OF THE PRINCIPAL DIRECTOR, LSGD
18 APR 2023
THIRUVANANTHAPURAM

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- എറണാകുളം ജില്ല- ഏലൂർ നഗരസഭയ്ക്ക് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് നഗരസഭയുടെ ഉടമസ്ഥതയിലുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർ ബി) വകുപ്പ്

G.O.(Rt)No.883/2023/LSGD തീയതി,തിരുവനന്തപുരം, 17-04-2023

---

പരാമർശം:-

1. ഏലൂർ നഗരസഭ സെക്രട്ടറിയുടെ 28/02/2022, 25/02/2023 തീയതികളിലെ PW2-455/22 നമ്പർ കത്തുകൾ.
2. തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ് ഡയറക്ടറുടെ 30/11/2022 തീയതിയിലെ DUA/6477/2022/G2 നമ്പർ കത്ത്.
3. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29/3/2023 തീയതിയിലെ LSGD/1043/2023/DB2 നമ്പർ കത്ത്.

EER

ഉത്തരവ്

എറണാകുളം ജില്ലയിൽ ഏലൂർ മുനിസിപ്പാലിറ്റിയിലെ നിലവിലുള്ള ഓഫീസ് മന്ദിരം നഗരസഭ ജീവനക്കാർ, കൗൺസിലർമാർ, പൊതുജനങ്ങൾ എന്നിവരെ ഉൾക്കൊള്ളുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾക്ക് ഉതകുന്ന തരത്തിൽ സൗകര്യപ്രദമല്ലാത്തതിനാലും ആവശ്യത്തിന് സ്ഥലസൗകര്യത്തോട് കൂടിയ പുതിയ നഗരസഭ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി, നിലവിൽ കൃഷിഭവൻ, മൃഗാശുപത്രി, കുടുംബശ്രീ ഓഫീസ് തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന, ഏലൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള പഴയ ഓഫീസ് കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് സർക്കാരിന്റെ അനുമതി തേടുന്നതിന് നഗരസഭ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണെന്നും ഏലൂർ നഗരസഭയുടെ സമഗ്രമായ വികസനത്തിന്റെ കേന്ദ്രമായി മാറുന്ന പുതിയ നഗരസഭാ ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനായി, മേൽ പഴയ ഓഫീസ് കെട്ടിടങ്ങൾ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്യുന്നതിന് സർക്കാരിന്റെ അനുമതി തേടുന്നതിനായി നഗരസഭ തീരുമാനം കൈക്കൊണ്ടിട്ടുള്ള സാഹചര്യത്തിൽ, പുതിയ നഗരസഭാ ഓഫീസ് നിർമ്മാണത്തിനായി നഗരസഭാ ഉടമസ്ഥതയിലുള്ള നിലവിലെ കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (1) കത്ത് പ്രകാരം ഏലൂർ നഗരസഭ സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2. ഏലൂർ നഗരസഭയുടെ നിലവിലുള്ള കെട്ടിടത്തിന്റെ വാല്യവേഷൻ റിപ്പോർട്ട് പ്രകാരം 7,99,190/- രൂപയാണ് നിലവിൽ വരുന്നതെന്നും ടി കെട്ടിടം പൊളിച്ചു മാറ്റുന്നതിന് 16,46,221/- രൂപ ചെലവ്



Generated from eOffice by Arun S Pillai, AE5 (EW) PD LSGD, AE5 (EW) PD LSGD, PD LSGD on 01/07/2023 01:03 PM

വരുന്നതായും ടി തുക SO 88/23 പ്രകാരം 15 ലക്ഷം രൂപയും. 2022- 23 വാർഷിക പദ്ധതിയിൽ S0 - 129/23 നമ്പരായി "മുനിസിപ്പൽ ഓഫീസ് കെട്ടിടനിർമാണം" എന്ന ബഹുവർഷ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും, ആയതിലേക്കായി 7,75,00,000/- രൂപ വകയിരുത്തി യിട്ടുണ്ടെന്നും, നിലവിലുള്ള ആസ്ഥാനമന്ദിരം ഗ്രാമപഞ്ചായത്തായിരുന്ന 1977 കാലയളവിൽ നിർമ്മിച്ചതാണെന്നും നഗരസഭാ ഓഫീസിന്റെ സ്ഥലപരിമിതി മൂലം നഗരസഭയിൽ എത്തുന്ന പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിന് ബുദ്ധിമുട്ട് നേരിടേണ്ടി വരുന്നതായും ഏലൂർ നഗരസഭയുടെ നിലവിലുള്ള ഓഫീസ് മന്ദിരം നഗരസഭ ജീവനക്കാർ കൗൺസിലർമാർ, പൊതുജനങ്ങൾ എന്നിവ ഉൾകൊള്ളുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾക്ക് ഉതകുന്ന തരത്തിൽ സൗകര്യപ്രദമല്ലാത്തതിനാലും ആവശ്യത്തിന് സ്ഥലസൗകര്യത്തോട് കൂടിയ പുതിയ നഗരസഭ കെട്ടിടം നിർമ്മിക്കുന്നതിനായി നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് സർക്കാരിന്റെ അനുമതി തേടുന്നതിന് കൗൺസിൽ തീരുമാനിച്ചിട്ടുള്ളതെന്നും ടി സാഹചര്യത്തിലാണ് ഏലൂർ നഗരസഭയുടെ സമഗ്രമായ വികസനത്തിന്റെ കേന്ദ്രമായി മാറുന്ന പുതിയ നഗരസഭ ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനായി നഗരസഭാ ഉടമസ്ഥതയിലുള്ള പഴയ കെട്ടിടങ്ങൾ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്യുന്നതിനുള്ള അനുമതിക്കായി നഗരസഭ സെക്രട്ടറി അപേക്ഷ ലഭ്യമാക്കിയതെന്നും പരാമർശം (2) കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ അറിയിച്ചിരുന്നു.

3. സർക്കാർ ഈ വിഷയം പരിഗണിച്ചപ്പോൾ, ആയതിൽ പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനുള്ള ചെലവ് പുതിയ നിർമ്മാണത്തേക്കാൾ കൂടുതലായി വരുന്ന സാഹചര്യം, പുതിയ കെട്ടിട നിർമ്മാണത്തിനായി നഗരസഭ മാറ്റി വച്ച തുക, ടി നിർമ്മാണ ചെലവ് കിഫ്ബിയിൽ നിന്നും വകയിരുത്തുമോ, പുതിയ നിർമ്മാണം നടത്തുമ്പോൾ നഗരസഭയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ പ്രവർത്തനം, ഇത്തരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളും പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നത്, സമയപരിധിക്കുള്ളിൽ പുതിയ കെട്ടിട നിർമ്മാണം നടത്തുന്നതിനായുള്ള പദ്ധതി ആവിഷ്കരിക്കുന്നത് തുടങ്ങിയ വിവിധ വിഷയങ്ങളിൽ പരാമർശം(3) പ്രകാരം ചീഫ് എഞ്ചിനീയറുടെ സ്പഷ്ടീകരണം ലഭ്യമായതനുസരിച്ച് :-

(1) നഗരസഭയുടെ ഉടമസ്ഥതയിലുള്ള 16.19 ആർ വിസ്തൃതിയിലുള്ള വസ്തുവിൽ കൃഷി ഭവൻ- മൃഗാശുപത്രി കെട്ടിടം, സ്റ്റോർ റൂം, ബഡ്സ് സ്കൂൾ കെട്ടിടം (പഴയത്), കുടുംബശ്രീ ഓഫീസ്- ജനകീയ ഹോട്ടൽ കെട്ടിടം എന്നിവ പ്രവർത്തിക്കുന്നുണ്ട്. എല്ലാ കെട്ടിടങ്ങളും നഗരസഭയുടെ ഉടമസ്ഥതയിലുള്ളതുമാണ്. ഈ ഓഫീസുകൾ പ്രവർത്തിക്കുന്ന നാലു കെട്ടിടങ്ങളും കൂടി ആകെ 894.24 ച. മീ വിസ്തീർണ്ണമാണുള്ളത്. ടി കെട്ടിടങ്ങളിൽ ഭൂരിഭാഗവും 22 വർഷം വരെ കാലപ്പഴക്കമുള്ളവയാണ്. ടി

കെട്ടിടങ്ങളിൽ DR, RR Foundation, Brick Work, RCC Work, Doors and Windows, Truss Work പൊളിച്ച് നീക്കി ഉപയോഗ്യമായവ Stock ചെയ്യുന്നതിന് DSR 2018 Rate Cost Index പ്രകാരം 16,46,220/- രൂപ ചെലവ് വരുന്നതാണ്. Low Cost ആയി നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന്റെ ഉൾപ്പെടെ ഉപയോഗശൂന്യമായ Rubble, Brick, Doors, Windows, Steel reinforcement തുടങ്ങിയ വസ്തുക്കളുടെ Depriciation കഴിഞ്ഞുള്ള Assessed value പരിശോധിക്കുമ്പോൾ ആയത് 7,99,190/- രൂപ മാത്രമാണ്. ഉപയോഗശൂന്യ മായതിനാലാണ് ടിൻഷീറ്റ്, False Ceiling എന്നിവ ആയതിൽ ഉൾപ്പെടുത്താൻ സാധിക്കാതെ വന്നിട്ടുള്ളത്. കെട്ടിടം പൊളിച്ച് നീക്കുമ്പോൾ ലഭിക്കുന്ന ഉപയോഗയോഗ്യമായ വസ്തുക്കളുടെ കാലപ്പഴക്കം കണക്കിലെടുക്കുമ്പോൾ Assessed Value Demolishing ചാർജ്ജിനേക്കാൾ കുറവ് മാത്രമാണ് വരുന്നത്.

(2) പുതിയ മുനിസിപ്പൽ ഓഫീസിന്റെ നിർമ്മാണത്തിനായി നഗരസഭയുടെ തനത് ഫണ്ട് 7.75 കോടി രൂപ വകയിരുത്തിയ ബഹു വർഷ പ്രൊജക്റ്റിന് ഡി.പി. സി അംഗീകാരം ലഭ്യമായിട്ടുള്ളതാണ്. ആയത് പ്രകാരം കിഫ്ബി ഫണ്ട് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്. ആയതിനാൽ കിഫ്ബിയിൽ നിന്നും 10 കോടി രൂപ ധനസഹായം ലഭിക്കുന്നതിന് നിലവിൽ അപേക്ഷ, സമർപ്പിച്ചിട്ടുള്ളതുമാണ്.

(3) നഗരസഭയുടെ ഉടമസ്ഥതയിലുള്ള ടി കെട്ടിടങ്ങൾ പൊളിച്ചുമാറ്റുമ്പോൾ ടി കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളായ കൃഷിഭവൻ, മൃഗാശുപത്രി, കുടുംബശ്രീ ഓഫീസ് എന്നിവ നഗരസഭയുടെ ഉടമസ്ഥതയിലുള്ള വനിതാക്ലസ്റ്റർ കെട്ടിടസമുച്ചയത്തിലേയ്ക്കും, എസ്. സി പ്രൊമോട്ടർ മാരുടെ പ്രവർത്തനമുറി എസ്. സി വിജ്ഞാനകേന്ദ്രത്തിലേയ്ക്കും മാറ്റുന്നതിന് നഗരസഭ കൗൺസിലിന്റെ 01/10/2022 ലെ 11-ാം നമ്പർ തീരുമാനപ്രകാരം തീരുമാനിച്ചിട്ടുള്ളതാണ്.

(4) പുതിയ നഗരസഭ ഓഫീസ് സമുച്ചയ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് മാറ്റപ്പെടുന്ന ഓഫീസുകൾ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്ന വിഷയം കൗൺസിൽ തീരുമാനത്തിനായി സമർപ്പിയ്ക്കാവുന്നതാണ്.

(5) കെട്ടിടം പൊളിച്ച് നീക്കുന്നതിനുള്ള അനുമതി ലഭ്യമാകുന്ന പക്ഷം നിലവിലെ ടി കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകൾ മാറ്റി സ്ഥാപിക്കുകയും കെട്ടിടം പൊളിച്ച് നീക്കി, 3 വർഷത്തിനുള്ളിൽ പുതിയ നഗരസഭാ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുവാൻ ബഹുവർഷപദ്ധതി ആവിഷ്കരിക്കുന്നതുമാണ്.



Generated from eOffice by Arun S Pillai, AE5 (EW) PD LSGD, AE5 (EW) PD LSGD, PD LSGD on 01/07/2023 01:03 PM

4. പരാമർശം (2), (3) പ്രകാരമുള്ള റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. 2010 ൽ നഗരസഭയായി ഉയർത്തിയ ഏലൂർ നഗരസഭ, ഗ്രാമ പഞ്ചായത്തായിരുന്ന കാലയളവു മുതൽ പ്രവർത്തിച്ചിരുന്ന കെട്ടിടത്തിലാണ് നിലവിലും പ്രവർത്തിക്കുന്നത് എന്നതിനാലും, 1977 ൽ നിർമ്മിച്ച ടി കെട്ടിടത്തിൽ, ജീവനക്കാരും, പൊതു ജനങ്ങളും, ജന പ്രതിനിധികളും, ഒരു പോലെ നേരിടുന്ന സ്ഥലപരിമിതി, ടി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തിൽ നേരിടുന്ന അസൗകര്യം, എന്നിവ പരിഗണിച്ചും, പുതിയ നഗരസഭ കെട്ടിടം നിർമ്മിക്കുന്നതിനായി, ഏലൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് സർക്കാരിന്റെ അനുമതി തേടി നഗരസഭാ കൗൺസിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ള സാഹചര്യത്തിലും, പരാമർശം (2), (3) എന്നിവ പ്രകാരം തദ്ദേശസ്വയംഭരണ(റൂറൽ) ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ എന്നിവരുടെ റിപ്പോർട്ടിലും, ടി വിഷയം വ്യക്തമാക്കിയിട്ടുള്ളതിനാലും, നിലവിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകൾക്കും പകരം സംവിധാനം നഗരസഭ ഏർപ്പെടുത്തണം എന്ന വ്യവസ്ഥയോടെ, ഏലൂർ നഗരസഭയ്ക്ക് പുതിയ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി, നഗരസഭയുടെ ഉടമസ്ഥതയിലുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LIZYMOL E
DEPUTY SECRETARY

1. ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ് (അർബൻ), തിരുവനന്തപുരം.
2. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
3. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
   സ്വരാജ് ഭവൻ, നന്ദൻകോട്, തിരുവനന്തപുരം.
4. സെക്രട്ടറി, ഏലൂർ നഗരസഭ.
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
   തിരുവനന്തപുരം ( ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Suja S K
സെക്ഷൻ ഓഫീസർ
Date: 17-04-2023 12:34:04



Generated from eOffice by Arun S Pillai, AE5 (EW) PD LSGD, AE5 (EW) PD LSGD, PD LSGD on 01/07/2023 01:03 PM